പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

★നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 440 05/02/2014- ൽ മറുപടിക്ക്

## ഫാം സ്കൂൾ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി:<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ.വി.പി.സജീന്ദ്രൻ: | ശ്രീ. കെ.പി. മോഹനൻ.<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി). |
| എ) മൃഗസംരക്ഷണ വകുപ്പ് ഫാം സ്കൂൾ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. എക്സ്റ്റൻഷൻ ആന്റ് ട്രെയിനിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 2011-12 സാമ്പത്തിക വർഷം 200 ലക്ഷം രൂപ ഭരണാനുമതി നൽകി ആരംഭിച്ച ഈ പദ്ധതി, ഒരു തുടർ പദ്ധതിയായി 2012-13 സാമ്പത്തിക വർഷത്തിലും 55 ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കുകയുണ്ടായി. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) എൽ.എം.റ്റി.സി.**കൾ** മറ്റു ട്രെയിനിംഗ് സെന്ററുകൾ, ആർ.എ.ഐ.സികൾ എന്നിവയോടടുത്തുള്ള മികച്ച കർഷക ഫാമുകൾ പരിഷ്കരിച്ചാണ് ഫാം സ്കൂളുകളാക്കിയത്. ഈ മേഖലയിൽ നേട്ടം കൈവരിച്ച് വിജയഗാഥ തീർത്ത കർഷകരുടെ രീതികളും വിജയ മാർഗ്ഗങ്ങളും മറ്റുള്ള കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് വേണ്ടിയാണ് ഫാംസ്കൂൾ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. മികവുറ്റ കർഷകർക്ക് കൂടുതൽ പരിശീലനം നൽകി മറ്റുള്ളവരെ |

| | | |
|---|---|---|
| | | ഈ മേഖലയിലേക്ക് ആകർഷിക്കുക, കർഷകർക്ക് ആധുനിക ഫാമുകളിൽ സന്ദർശനം നടത്തി പുതിയ രീതികൾ മനസ്സിലാക്കുന്നതിനുള്ള എക്സ്പോഷർ വിസിറ്റ് സംഘടിപ്പിക്കുക എന്നിവയും ഉദ്ദേശ്യലക്ഷ്യങ്ങളാണ്. |
| സി) | എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിപ്രകാരം ലഭിക്കുന്നത്; വിശദമാക്കുമോ; | സി) 1. ഫാം നടത്തുന്നതിലെ ആധുനിക സാങ്കേതിക വിദ്യകൾ നേരിട്ട് കണ്ട് പഠിക്കാനുള്ള സൗകര്യം കർഷകർക്ക് ഒരുക്കി കൊടുക്കുന്നു.<br>2. കേരള വെറ്ററിനറി കൗൺസിലിലൂടെ, 2011-2012 വർഷത്തിൽ തെരഞ്ഞെടുത്ത കർഷകർക്ക് ഫാം നടത്തുന്ന രീതിയിലും ലാഭകരമായ ഫാം നടത്തിപ്പിനും, ട്രെയിനിംഗുകൾ നൽകി മൃഗസംരക്ഷണ മേഖലയിൽ തുടരാൻ കർഷകരെ പ്രാപ്തരാക്കി.<br>3. ഫാം സ്കൂളുകൾ വഴി മികച്ച രീതിയിലുള്ള ട്രെയിനിംഗ് നൽകി ശാസ്ത്രീയമായ തീറ്റനൽകൽ, ഫസ്റ്റ് എയ്ഡ് കിറ്റ്, മാസ്റ്റിറ്റിസ് കിറ്റ് എന്നിവ ഉപയോഗിക്കാൻ കർഷകരെ പരിശീലിപ്പിച്ചു.<br>4. ശാസ്ത്രീയമായ രീതിയിൽ തൊഴുത്തിലെ മാലിന്യനിർമ്മാർജ്ജനം, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, മറ്റ് രീതിയിലുള്ള ജൈവവള നിർമ്മാണം, കറവയന്ത്രത്തിന്റെ ഉപയോഗം എന്നിവയിൽ പരിശീലനം നൽകി. |

5. തീറ്റപ്പുൽ കൃഷി ശാസ്ത്രീയമായി ചെയ്യുന്നതിനു കർഷകർക്ക് പരിശീലനം നൽകി.

6. മൃഗസംരക്ഷണത്തിന്റെ എല്ലാ മേഖലയിലും മികച്ച ട്രെയിനിംഗുകളും, സംശയദൂരീകരണവും നൽകി, മൃഗ സംരക്ഷണ ഉപാധികൾ മുഖേന ജീവനം നടത്താൻ കർഷകരെ തൽപരരും, പ്രാപ്തരുമാക്കുന്നു.

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

(ഡി) 2011-2012ലെ പദ്ധതി പ്രകാരം, ഡയറി ഫാം, മിക്സഡ് ഫാമുകൾ, ആടുവളർത്തൽ ഫാമുകൾ, മുയൽവളർത്തൽ ഫാമുകൾ, പന്നി വളർത്തൽ ഫാമുകൾ, തീറ്റപ്പുൽ ഫാം എന്നീ ഫാം സ്കൂളുകളാണ് രൂപീകരിച്ചിട്ടുള്ളത്. മൊത്തം 247 ഫാം സ്കൂളുകൾ 2011-2012 വർഷത്തിൽ രൂപീകരിക്കുകയും ധനസഹായം നൽകുകയും ചെയ്തു. 2012-2013 വർഷത്തിൽ തെരഞ്ഞെടുത്ത 7 ജില്ലകളിൽ ഓരോ ജില്ലയിലും തെരഞ്ഞെടുത്ത വിവിധതരം ഫാമുകളിൽ കർഷകർക്ക് ട്രെയിനിംഗും ഫാം നടത്തിക്കൊണ്ടു പോകാനുള്ള എല്ലാ സഹായ സഹകരണങ്ങളും നൽകിയിരുന്നു.

സെക്ഷൻ ഓഫീസർ